പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5936 — 19.11.2019 ൽ മറുപടിയ്ക്ക്

## കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്

**ചോദ്യം** — **മറുപടി**

ശ്രീ.എം.ഉമ്മർ — ഇ.പി.ജയരാജൻ (വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവജനക്ഷേമ ബോർഡിന്റെ കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജന പങ്കാളിത്തത്തിൽ സന്നദ്ധസേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേന രൂപീകരിച്ചിട്ടുണ്ട്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തരസാഹചര്യം സംജാതമാകുന്ന പക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിയർ യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, തുടങ്ങിയവ കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഓൺലൈനായി ഇതുവരെ 1,15,862 പേർ വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിൽ രജിസ്റ്റർ ചെയ്യുകയും ആദ്യഘട്ടത്തിൽ 1000 പേർക്കും രണ്ടാം ഘട്ടത്തിൽ 278 പേർക്കും പരിശീലനം നൽകുകയും ചെയ്യുകയുണ്ടായി. മൂന്നാംഘട്ട പരിശീലനത്തിന്റെ ഭാഗമായി പഞ്ചായത്ത്തലത്തിൽ വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായി പഞ്ചായത്ത്തല പരിശീലകൻമാരുടെ പരിശീലനം 2019 നവംബർ 16,17,18 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടക്കുന്നു. |
| (ബി) | പ്രസ്തുത ഫോഴ്സിലേക്ക് യുവാക്കളെ കൂടുതൽ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | സന്നദ്ധ സേവന സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ പരമാവധി പേർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് സംസ്ഥാന യുവജനക്ഷേമ ബോർഡ് |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | ആവിഷ്കരിക്കുന്നത്. നിലവിൽ 1200 ഓളം പേർക്ക് വ്യക്തിത്വ വികസനം കൂടി ലക്ഷ്യമിട്ട മേഖലകളിൽ മൂന്നാറിൽ വച്ച് സൗജന്യ പരിശീലനം നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുമുണ്ട്. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മേൽ അംഗങ്ങളിൽ നിന്നും 400 പേർക്ക് നവംബർ 16,17,18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. കൂടാതെ മൂന്നാറിൽ വച്ച് കരാട്ടെ, ട്രക്കിംഗ്, മൗണ്ടനീയറിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്.കൂടാതെ യുവാക്കൾക്ക് ഫയർ & റസ്ക്യൂ മേഖലയിലും പരിശീലനം നൽകിയിട്ടുണ്ട്. 100 വനിതകൾക്ക് ഫയർ & റസ്ക്യൂ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**